**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

അടിയന്തര ചോദ്യം നം.2 — 27/10/2016 ൽ മറുപടിക്ക്

**സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഉച്ചക്കഞ്ഞി വിതരണം**

| ചോദ്യം<br>ശ്രീ എൻ. എ. നെല്ലിക്കുന്ന് | ഉത്തരം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി ) |
|---|---|
| എ.സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചക്കഞ്ഞിക്കുള്ള അരി വിതരണം മുടങ്ങാ നിടയായ സാഹചര്യം വിശദമാക്കാമോ | എ.ഒന്നും രണ്ടും ക്വാർട്ടറുകളിലെ അരി വിതരണം പൂർത്തിയായിട്ടുണ്ട്. 2016 ഒക്ടോബർ1 മുതൽ ഡിസംബർ 31 വരെയുള്ള മൂന്നാം ക്വാർട്ടറിലേക്ക് സ്കൂളുകൾക്ക് വിതരണം ചെയ്യേണ്ട അരിയുടെ ജില്ല തിരിച്ചുള്ള ആവശ്യകതയും 2017 ജനുവരി 1 മുതൽ മാർച്ച് 31 വരെയുള്ള നാലാം ക്വാർട്ടറിൽ സ്കൂളുകൾക്ക് നൽകേണ്ട അരിയുടെ ജില്ല തിരിച്ചുള്ള ആവശ്യകതാ സ്റ്റേറ്റ് മെന്റും സഹിതം അരി വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ റീജിയണൽ ജനറൽ മാനേജർ, സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ എന്നിവരോട് ആവശ്യപ്പെട്ടിരുന്നു. ഇപ്രകാരം അരി വിതരണം നടന്നു വരുന്നു. ഇത് സംബന്ധിച്ചു പരാതികളൊന്നും ലഭിച്ചിട്ടില്ല |
| ബി. എ പി എൽ വിഭാഗത്തിനുള്ള റേഷനരി വിഹിതം വെട്ടിക്കുറച്ചതിനോടൊപ്പം ഉച്ചക്കഞ്ഞിക്കുള്ള അരി വിഹിതത്തിലും കേന്ദ്ര സർക്കാർ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ | ബി. ഇല്ല |
| സി. അരി വിതരണം എത്രയും പെട്ടെന്ന് പുനഃസ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ? | സി. 01/10/2016 മുതൽ 31/3/2017 വരെ സ്കൂളുകൾക്ക് ആവശ്യമുള്ള അരിവിതരണം നടത്തുന്നതിനുള്ള നടപടികൾ 20/09/2016 നു തന്നെ സ്വീകരിച്ചിട്ടുണ്ട് |

Sreelcala.T.P

സെക്ഷൻ ഓഫീസർ